File No.TCPCTP/1763/2019-A2

ഭരണഭാഷ – മാതൃഭാഷ

## മുഖ്യനഗരാസൂത്രകയുടെ നടപടിക്രമം, തിരുവനന്തപുരം

വിഷയം :- നഗര-ഗ്രാമാസൂത്രണ വകുപ്പ് – മുഖ്യനഗരാസൂത്രകന്റെ കാര്യാലയം –ജീവനക്കാര്യം– മലപ്പുറം ജില്ലാ നഗരാസൂത്രണകാര്യാലയത്തിലെ സീനിയർ ക്ലർക്കായ ശ്രീമതി. ബിൻസി.ഐ യെ കോഴിക്കോട് ജില്ലാ നഗരാസൂത്രണ കാര്യാലയത്തിലേക്ക് സ്ഥലം മാറ്റി നിയമിച്ച് ഉത്തരവാകുന്നു.

പരാമർശം :- 1. മലപ്പുറം ടൗൺ പ്ലാനറുടെ 26/02/2018–ലെ എ 1/618/19 നമ്പർ കത്ത്.
2. മുഖ്യനഗരാസൂത്രകയുടെ 21/08/2019–ലെ TCPCTP/1763/18–A2 നമ്പർ ഉത്തരവ്
3. കോഴിക്കോട് ടൗൺ പ്ലാനറുടെ 24/8/2019–ലെ എ–2363/19 നമ്പർ കത്ത്.

---

**എസ്റ്റാബ്ലീഷ്മെന്റ് സെക്ഷൻ**

ഉത്തരവ് നമ്പർ. TCPCTP/1763/19–A2 തീയതി **: 31/08/2019**

---

## <u>ഉത്തരവ്</u>

മുഖ്യനഗരാസൂത്രകയുടെ പരാമർശം (2)–ലെ ഉത്തരവ് പ്രകാരം കോഴിക്കോട് നഗരാസൂത്രണ കാര്യാലയത്തിലെ സീനിയർ ക്ലർക്കായിരുന്ന ശ്രീമതി. ലിസി. എം.- ന് ഹെഡ് ക്ലർക്കായി സ്ഥാനക്കയറ്റം ലഭിച്ച് ഉത്തരവാകുകയും പരാമർശം (3)–ലെ കോഴിക്കോട് ടൗൺ പ്ലാനറുടെ കത്ത് പ്രകാരം ശ്രീമതി. ലിസി.എം –22/08/2019 പൂർവ്വാഹ്നം മുതൽ ഹെഡ് ക്ലർക്ക് തസ്തികയിൽ ജോലിയിൽ പ്രവേശിച്ചതിനെ തുടർന്ന് കോഴിക്കോട് നഗരാസൂത്രണ കാര്യാലയത്തിൽ ഉണ്ടായ സീനിയർ ക്ലർക്കിന്റെ ഒഴിവിലേക്ക് മലപ്പുറം നഗരാസൂത്രണ കാര്യാലയത്തിൽ സീനിയർ ക്ലർക്കായി സേവനമനുഷ്ഠിക്കുന്ന ശ്രീമതി. ബിൻസി.ഐ –യെ ടിയാളുടെ അപേക്ഷ പ്രകാരം സ്ഥലം മാറ്റി നിയമിച്ച് ഉത്തരവാകുന്നു. ശ്രീമതി. ബിൻസി. ഐ– യുടെ സ്ഥലം മാറ്റം ടിയാളുടെ അപേക്ഷപ്രകാരമായതിനാൽ കെ.എസ്.ആർ ചട്ടപ്രകാരമുള്ള യാത്രാസമയം മാത്രമേ ടിയാൾക്ക് അനുവദനീയമാകുകയുള്ളൂ എന്നും ഉത്തരവാകുന്നു.

**കെ.എസ്.ഗിരിജ**
മുഖ്യനഗരാസൂത്രക

ശ്രീമതി. ബിൻസി.ഐ, സീനിയർക്ലർക്ക്
മലപ്പുറം നഗരാസൂത്രകൻ മുഖേന
പകർപ്പ്

1. സി.എ മുഖേന മുഖ്യനഗരാസൂത്രക
2. മലപ്പുറം നഗരാസൂത്രകൻ
3. കോഴിക്കോട് നഗരാസൂത്രകൻ
4. അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
5. അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്
6. എ സെക്ഷൻ സൂപ്രണ്ട്
7. കരുതൽ ഫയൽ
8. വെബ് സൈറ്റ്
9. അധികം–1